(സി) പ്രസ്തുത സ്ഥലങ്ങളിൽ യഥാക്രമം പതിച്ചുകൊടുക്കപ്പെട്ട സ്ഥലങ്ങളുടെ ഏക്കർ സെൻറ് ക്രമം താഴെ ചേർക്കുന്നു.

No.	Acre.	Cent.	No.	Acre.	Cent.
1	4	87	9	1	68
2	4	7	10	0	64
3	2	57	11	4	22
4	0	80	12	2	91
5	2	80½	13	2	46
6	1	85	14	75	00
7	10	34	15	32	39
8	2	89			

കുഴൽകിണറുകൾ

*൨൯൦. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വേനൽക്കാലത്തു് ശുദ്ധജലം കിട്ടാതെ വിഷമിക്കുന്ന കുട്ടനാട്ടിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിനു് സർക്കാരിന്റെ് ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ, ബി) കുട്ടനാട്ടിൽ കുമരകം കൈനകരി എന്നീ സ്ഥലങ്ങളിൽ പരീക്ഷണാർത്ഥം രണ്ടു കുഴൽ കിണറുകൾ കുഴിക്കുവാൻ സർക്കാരിന്റെ് ഉത്തരവു് പാസ്സാക്കിയിട്ടുണ്ടു്.

തിരുവിതാംകൂർ യൂണിവേഴ്സിറ്റി

*൨൯൧. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോടു്, ഈ സംസ്ഥാനത്തിലെ എല്ലാ കോളേജുകളും അഫിലിയേറ്റ ചെയ്തിട്ടുണ്ടോ;

(ബി) അഫിലിയേറ്റ ചെയ്യാത്ത കോളേജുകളുടെ പേരുകൾ;

(സി) അവയെ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുവാൻ എന്തെല്ലാം നടപടികൾ ഇതിനകം എടുത്തിട്ടുണ്ടു്;

(ഡി) തിരുവിതാംകൂർ യൂണിവേഴ്സിറ്റി ആക്ടു് പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതെന്നത്തേയ്ക്കുണ്ടാകും?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) അഫിലിയേറ്റ ചെയ്യാത്ത കോളേജുകൾ

(i) സെൻറ് തോമസ് കോളജ് തൃശ്ശൂർ.
(ii) കേരളവർമ്മ കോളേജ് തൃശ്ശൂർ.
(iii) സെൻറ് മേരീസ് കോളേജ് തൃശ്ശൂർ.
(iv) സേക്രഡ് ഹാർട്ട് കോളജ് തേവര.

LIBRARY ARCHIVES Kerala Legislative Assembly

(v) സെൻറ് ജോർജ്ജ് കോളേജ് ഏറണാകുളം.

(vi) സെൻറ് തെരീസാസ് കോളേജ് ഏറണാകുളം.

(സി) ഗവൺമെണ്ടു് ടി കോളേജധികൃതരോടു് തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോടു് അഫിലിയേറ്റ് ചെയ്യുന്നതിനു് അഭ്യർത്ഥിച്ചിട്ടുണ്ടു്.

(ഡി) ഇപ്പോൾ ഇല്ല.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

LAND POLICY COMMITTEE

***212** [5] **Sri. D. Gnanasigamoni :** Will the Hon'ble Minister for Finance and Revenue be pleased to state the total amount of expenses incurred by Government on the Land Policy Committee?

Minister for Finance and Revenue **(Sri. A. J. John):**

Rs. 28,631—0—4.

DEPOSIT IN THE CREDIT BANK

***213** [6] **Sri. N. D. Jos:** Will the Hon'ble Minister for Finance be pleased to state:—

(*a*) the amount deposited by the Government in the Credit Bank, by way of debenture loans or otherwise ;

(*b*) the rate of interest ;

(*c*) the amount borrowed by the Government from the Credit Bank ;

(*d*) the rate of interest on such loan?

Minister for Finance and Reveue **(Sri. A. J. John) :**

(*b*) Government have invested a sum of Rs. 10 lakhs in the Debentures (1960—70) issued by the Credit Band and Rs. 11 lakhs under Fixed Deposits.

(*b*) The debentures carry interest at 4% per annum; and the deposits, 4 lakhs at 4% and 7 lakhs at 3% per annum.

(*c*) No amount has been borrowed.

(*d*) Does not arise in view of the answer to part (c) of the question.

ടി. ബി. ക്ലിനിക്കു്

* ൨൯൪. (൨) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഒൈഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കോട്ടയത്തു ടി. ബി. ക്ലിനിക്കു് സ്ഥാപിച്ചതു് വിദഗ്ദ്ധോപദേശം വാങ്ങിയിട്ടാണോ;

(ബി) ആരായിരുന്നു വിദഗ്ദ്ധനെന്നു പറയാമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അതേ.

(ബി) ഇൻഡ്യാ ഗവൺമെണ്ടിലെ ക്ഷയരോഗ ഉപദേഷ്ടാവായ Dr. P. V. Benjamin.

വില്ലന നികുതി

* ൨൯൫. (൨൨) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വില്ലന നികുതി സമ്പ്രദായം ഭേദഗതിചെയ്തു സിംഗിൾ പോയിൻറിൽ നികുതി ഈടാക്കുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly